ALL INDIA RADIO, THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 01.02.2025** **TIME :12.50 PM**

## പ്രധാന വാർത്തകൾ

1). രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയും, സമഗ്ര വികസനവും ലക്ഷ്യമിടുന്ന കേന്ദ്ര ബജറ്റ് ധനമന്ത്രി നിർമല സീതാരാമൻ പാർലമെന്റിൽ അവതരിപ്പിച്ചു.

Union Finance Minister Nirmala Sitaraman presented the 2025-26 Union Budget, that aims economic growth and inclusive development in Parliament today.

2) കാർഷികമേഖലയ്ക്കും, എംഎസ്എംഇ യ്ക്കും പ്രത്യക പരിഗണന. കയറ്റുമതി, നിക്ഷേപ സാധ്യതകൾ വർദ്ധിപ്പിക്കാൻ പദ്ധതികൾ. ആറ് മേഖലകൾ കേന്ദ്രീകരിച്ച് സമഗ്ര പരിഷ്കരണം നടപ്പാക്കും.

Budget gives Special focus to agriculture sector and MSME sector. Schemes to enhance the export and investment potential. A comprehensive reform will be implemented focusing six key areas.

3) അടിസ്ഥാന സൗകര്യ വികസനത്തിനായി 1.5 ലക്ഷം കോടിയുടെ വായ്പാ സൗകര്യം. A.I വികസനത്തിന് പ്രത്യേക പരിഗണന. സ്കൂളുകളിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ബ്രോഡ്ബാൻഡ് സൗകര്യം ഏർപ്പെടുത്തുമെന്നും ധനമന്ത്രി.

Outlay of Rs 1.5 lakh crore towards 50-year interest free loans to states to augment infrastructure. Centre of Excellence in Artificial Intelligence for education with an outlay of Rs 500 crore to be set up. Broadband facilities will be provided in schools and primary health centers.

4) ആദായ നികുതി പരിധി വർദ്ധിപ്പിച്ചു. നികുതി സ്ലാബുകളിൽ മാറ്റം. 12 ലക്ഷം രൂപ വരെ വാർഷിക വരുമാനം ഉള്ളവർക്ക് നികുതിയില്ല.

Govt proposes changes in income tax slabs and rates. Income tax limit has been increased. No income tax payable on income up to Rs 12 lakhs.

5) **36 ജീവൻ രക്ഷാമരുന്നുകളെ കസ്റ്റംസ് ഡ്യൂട്ടിയിൽ നിന്ന് ഒഴിവാക്കി. എല്ലാ ജില്ലകളിലും കാൻസർ ചികിത്സാ കേന്ദ്രങ്ങൾ സ്ഥാപിക്കുമെന്നും ധനമന്ത്രി.**

**36 life saving medicines will be exempted from customs duty. Cancer institutes will be established in every district, says Finance Minister.**

6) **ബജറ്റിന് പിന്നാലെ ഓഹരി വിപണികൾ നേട്ടത്തിൽ. സർവകാല റെക്കോഡിൽ സ്വർണവില.**

**Benchmark domestic equity indices in upward trajectory. Gold prices at all-time high.**

==============================================================

**BUDGET GENERAL – (INTRO)**

രാജ്യത്തിൻറെ സാമ്പത്തിക വളർച്ചയും, സമഗ്ര വികസനവും ലക്ഷ്യമിടുന്ന കേന്ദ്ര ബജറ്റ് ധനമന്ത്രി നിർമല സീതാരാമൻ പാർലമെൻറിൽ അവതരിപ്പിച്ചു. കാർഷികമേഖലയ്ക്ക് പ്രത്യേക പ്രാധാന്യം നൽകുന്ന ബജറ്റ് യുവജനങ്ങളുടെയും വനിതകളുടെയും മധ്യവർഗ്ഗത്തിൻറെയും ക്ഷേമം ലക്ഷ്യമിടുന്നു. വികസിത ഭാരതത്തിനായി 10 മേഖലകൾ കേന്ദ്രീകരിച്ചുള്ള സമൂല വികസനമാണ് ബജറ്റ് മുന്നോട്ട് വയ്ക്കുന്നത്. കാർഷിക മേഖല, ഗ്രാമ വികസനം, തൊഴിൽ, നിക്ഷേപം, ഊർജ്ജസുരക്ഷ, എംഎസ്എംഇ, കയറ്റുമതി, നൂതനാശയങ്ങൾ എന്നിവയ്ക്ക് ബജറ്റ് പ്രത്യേക പരിഗണന നൽകുന്നു. അടുത്ത അഞ്ച് വർഷം രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് അനുകൂലമായ അന്തരീക്ഷമാണുള്ളതെന്നും ധനമന്ത്രി വ്യക്തമാക്കി. നികുതി, നഗരവികസനം, ഖനനം, സാമ്പത്തിക മേഖല, ഊർജ്ജം, നിയന്ത്രണ സംവിധാനങ്ങൾ എന്നിങ്ങനെ പ്രധാനപ്പെട്ട ആറ് മേഖലകളിലെ പരിഷ്കരണമാണ് ബജറ്റ് വിഭാവനം ചെയ്യുന്നത്.

**(ഹോൾഡ്................)**

കഴിഞ്ഞ 10 വർഷത്തെ കേന്ദ്ര സർക്കാരിന്റെ വികസന പ്രവർത്തനങ്ങളും, പരിഷ്കരണങ്ങളും ആഗോള ശ്രദ്ധ പിടിച്ചു പറ്റിയതായും ശ്രീമതി സീതാരാമൻ പറഞ്ഞു. രാജ്യത്തെ മധ്യവർഗത്തിനും, സ്ത്രീകൾ, കർഷകർ, യുവജനങ്ങൾ എന്നിവർക്കും പ്രാധാന്യം നൽകിയുള്ള വികസനമാണ് ബജറ്റ് മുന്നോട്ട് വയ്ക്കുന്നത്. ദാരിദ്ര്യ മുക്തി, ഗുണമേന്മയുള്ളതും താങ്ങാനാവുന്നതുമായ വിദ്യാഭ്യാസം, സമഗ്ര ആരോഗ്യ സംരക്ഷണം തുടങ്ങിയവ വികസിത ഭാരതത്തിലുണ്ടാകുമെന്നും ധനമന്ത്രി വ്യക്തമാക്കി.

=============================================================

**BUDGET AGRICULTURE – (INTRO)**

കാർഷിക മേഖലയുടെ അഭിവൃദ്ധിക്ക് പ്രത്യേക പ്രാധാന്യമാണ് കേന്ദ്ര ബഡ്ജറ്റ് നൽകുന്നത്. രാജ്യത്തിന്റെ അന്നദാതാക്കളായ കർഷകരുടെ ക്ഷേമം ഉറപ്പാക്കാൻ സർക്കാർ പ്രതിജ്ഞാ ബദ്ധമാണെന്ന് ധനമന്ത്രി വ്യക്തമാക്കി. കിസാൻ ക്രെഡിറ്റ് കാർഡിന്റെ പലിശയിളവ് പരിധി മൂന്ന് ലക്ഷത്തിൽ നിന്നും അഞ്ച് ലക്ഷമായി ഉയർത്തും. കുറഞ്ഞ വിളവ് ലഭിക്കുന്ന 100 ജില്ലകളിൽ പി.എം ധൻ ധാന്യ കൃഷി യോജന നടപ്പാക്കും. 1.7 കോടി കർഷകർക്ക് പദ്ധതിയുടെ ഗുണ ഫലം ലഭിക്കുമെന്നും ധനമന്ത്രി പറഞ്ഞു.

**(HOLD FOR BYTE .......................)**

ഭക്ഷ്യ ധാന്യ രംഗത്ത് സ്വയം പര്യാപ്തത ഉറപ്പാക്കാൻ ആറ് വര്ഷം നീളുന്ന പരിപാടിക്ക് തുടക്കം കുറിക്കും. പഴം-പച്ചക്കറികൾ എന്നിവയുടെ ഉത്പാദനം വർധിപ്പിക്കാൻ സമഗ്ര പദ്ധതിയും ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുണ്ട്. അത്യുത്പാദനശേഷിയുള്ള വിത്തുകൾ വികസിപ്പിക്കാൻ

പ്രത്യേക ദൗത്യത്തിന് തുടക്കം കുറിക്കും. പരുത്തിയുടെ ഉത്പാദനം പ്രോത്സാഹിപ്പിക്കാൻ അഞ്ച് വർഷം നീണ്ടു നിൽക്കുന്ന ദൗത്യം ആരംഭിക്കും. സുസ്ഥിര മത്സ്യബന്ധനം ഉറപ്പാക്കാൻ പ്രത്യേക രൂപരേഖ കൊണ്ടുവരാനും ബഡ്ജറ്റിൽ നിർദേശമുണ്ട്.

==============================================================

**BUDGET – MSME – (INTRO)**

സൂക്ഷ്മ ചെറുകിട, ഇടത്തരം സംരംഭകങ്ങൾക്കും സ്റ്റാർട്ട് അപ്പുകൾക്കും ബഡ്ജറ്റിൽ പ്രത്യേക പരിഗണന. ചെറുകിട സംരംഭങ്ങൾക്ക് 5 ലക്ഷം രൂപാ പരിധിയിൽ പ്രത്യേക ക്രെഡിറ്റ് കാർഡുകൾ കൊണ്ടുവരും. മികച്ച പ്രവർത്തനം കാഴ്ചവെക്കുന്ന കയറ്റുമതി അധിഷ്ഠിത എംഎസ്എംഇകൾക്ക് 20 കോടി രൂപ വരെ വായ്പ ഉറപ്പുവരുത്തും. എംഎസ്എംഇ സംരംഭങ്ങൾക്കായുള്ള നിക്ഷേപ പരിധി രണ്ടര മടങ്ങാക്കാനും, വിറ്റുവരവ് പരിധി ഇരട്ടിയാക്കാനും നിർദേശമുണ്ട്.

**(BYTE...................)**

പട്ടികജാതി - പട്ടിക വർഗ വിഭാഗത്തിൽ നിന്നും ആദ്യമായി സംരംഭകരാകുന്ന വനിതകൾക്കായി അടുത്ത 5 വർഷത്തിൽ 2 കോടി രൂപ വരെ ലഭിക്കുന്ന വായ്പാ പദ്ധതി ആവിഷ്കരിക്കും. മെയ്-ഡ് ഇൻ ഇന്ത്യ ടാഗിന് പ്രചാരം നൽകുമെന്നും തദ്ദേശീയ കളിപ്പാട്ട നിർമാണ മേഖലയെ പ്രോത്സാഹിപ്പി ക്കുമെന്നും ധനമന്ത്രി വ്യക്തമാക്കി. കളിപ്പാട്ട നിർമാണത്തിലെ ആഗോള ഹബ്ബായി ഇന്ത്യയെ മാറ്റും. സ്റ്റാർട്ട് അപ്പുകൾക്ക് 20 കോടി രൂപ വരെ അനുവദിക്കും. നിലവിലുള്ള സർക്കാർ വിഹിതമായ 10,000 കോടി രൂപയ്ക്ക് പുറമേ 10,000 കോടി രൂപ കൂടിയാണ് സ്റ്റാർട്ട് അപ്പുകൾക്ക് അനുവദിച്ചത്.

==========================================================

## BUDGET INFRASTRUCTURE

അടിസ്ഥാന സൗകര്യ വികസനത്തിനായി സംസ്ഥാനങ്ങൾക്ക് 50 വർഷത്തെ പലിശ രഹിത വായ്പ ലഭ്യമാക്കുന്നതിന് 1.5 ലക്ഷം കോടി രൂപ ബജറ്റിൽ വകയിരുത്തിയതായി ധനമന്ത്രി പറഞ്ഞു. ബാങ്കിംഗ് സാധ്യതയുള്ള പദ്ധതികൾക്ക്, 25 ശതമാനം വരെ ധനസഹായം നൽകുന്നതിന് ഒരു ലക്ഷം കോടി രൂപയുടെ അർബൻ ചലഞ്ച് ഫണ്ട് സ്ഥാപിക്കും. ഇതിനായ 10,000 കോടി രൂപ ബജറ്റിൽ വകയിരുത്തി. അടിസ്ഥാന സൗകര്യ വികസനത്തിനായി പൊതു-സ്വകാര്യ പങ്കാളിത്തതോടെ മൂന്ന് വർഷത്തേക്കുള്ള പദ്ധതികൾ ആവിഷ്കരിക്കും. ജൽ ജീവൻ മിഷനുള്ള ബജറ്റ് വിഹിതം വർധിപ്പിച്ചതിലൂടെ പദ്ധതിയുടെ സമ്പൂർണമായ നടപ്പാക്കൽ ഉറപ്പുവരുത്തും. പദ്ധതി 2028 വരെ നീട്ടിയതായും ധനമന്ത്രി അറിയിച്ചു. പരിഷ്കരിച്ച ഉഡാൻ പദ്ധതിയിലൂടെ അടുത്ത 10 വർഷത്തിനുള്ളിൽ 120 പ്രദേശങ്ങളെ ബന്ധിപ്പിക്കും. 4 കോടിയിലധികം വിമാന യാത്രക്കാർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമെന്നും ധനമന്ത്രി അറിയിച്ചു.

==========================================================

## BUDGET- EDUCATION

വിദ്യാഭ്യാസമേഖലയ്ക്കായി പ്രത്യേക പദ്ധതികളാണ് ബജറ്റിൽ വിഭാവനം ചെയ്തിരിക്കുന്നത്. A.I വികസനത്തിനായി 500 കോടി രൂപ വകയിരുത്തി. ഇതിനായി മൂന്ന് മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കും. എല്ലാ സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിലും പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കും. മെയ്ക്

ഇൻ ഇന്ത്യയിലൂടെ സ്കൂളുകളിൽ അൻപതിനായിരം അടൽ ടിങ്കറിങ് ലാബുകൾ ആരംഭിക്കും. നൈപുണ്യ വികസനത്തിനായി ദേശീയതലത്തിൽ അഞ്ച് മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കും. മെഡിക്കൽ വിദ്യാഭ്യാസത്തിന് 10,000 അധിക സീറ്റ് അനുവദിക്കുമെന്നും ധനമന്ത്രി വ്യക്തമാക്കി.

============================================================

**ബ്രേക്ക്.........**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്......

============================================================

**BUDGET DIRECT TAX - (INTRO)**

ആദായ നികുതി പരിധി വർദ്ധിപ്പിച്ചതുൾപ്പെടെ ആകർഷണീയ പ്രഖ്യാപനങ്ങളാണ് ബജറ്റ് മുന്നോട്ട് വയ്ക്കുന്നത്. പുതിയ നികുതി സംവിധാനത്തിനു കീഴിൽ, 12 ലക്ഷം രൂപ വരെ വാർഷിക വരുമാനം ഉള്ളവർക്ക് ആദായ നികുതി ഒഴിവാക്കി. ആദായ നികുതി ഘടന ലളിതമാക്കുമെന്നും പുതിയ ആദായനികുതി ബിൽ അടുത്തയാഴ്ച പാർലമെന്റിൽ അവതരിപ്പിക്കുമെന്നും ധനമന്ത്രി അറിയിച്ചു.

**(വോയിസ്......................)**

ശമ്പളം കൈപ്പറ്റുന്ന ജീവനക്കാർക്ക് 12.75 ലക്ഷം വരെ വാർഷിക വരുമാനത്തിന് ആദായനികുതി ഒഴിവാക്കി. പുതുക്കിയ ആദായനികുതി നിരക്കുകൾ ഇപ്രകാരമാണ്- നാല് ലക്ഷം വരെ - ആദായനികുതി ഇല്ല.

നാല് മുതൽ 8 ലക്ഷം വരെ - അഞ്ച് ശതമാനം

8 മുതൽ 12 ലക്ഷം വരെ - 10 ശതമാനം

12 മുതൽ 16 ലക്ഷം വരെ - 15 ശതമാനം

16 മുതൽ 20 ലക്ഷം വരെ - 20 ശതമാനം

20 മുതൽ 24 ലക്ഷം വരെ - 25 ശതമാനം

24 ലക്ഷത്തിന് മുകളിൽ 30 ശതമാനമാണ് ആദായനികുതി.

==========================================================

## INDIRECT TAX

നിർദ്ദിഷ്ട ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വിദ്യാഭ്യാസ വായ്പ എടുക്കുന്നവർക്ക് നികുതി ഒഴിവാക്കും. 36 ജീവൻ രക്ഷാമരുന്നുകളെ കസ്റ്റംസ് ഡ്യൂട്ടിയിൽ നിന്ന് ഒഴിവാക്കി. 6 മരുന്നുകളുടെ കസ്റ്റംസ് ഡ്യൂട്ടിയിൽ ഇളവ് അനുവദിച്ചു. രാജ്യത്തെ എല്ലാ ജില്ലകളിലും കാൻസർ ചികിത്സാകേന്ദ്രങ്ങൾ സ്ഥാപിക്കാനും ബജറ്റിൽ ലക്ഷ്യമിടുന്നു.

==========================================================

## FM-PREZ

രാഷ്ട്രപതി ദ്രൗപദി മുർമുവിനെ രാഷ്ട്രപതി ഭവനിലെത്തി സന്ദർശിച്ച ശേഷമാണ് കേന്ദ്രധനമന്ത്രി നിർമല സീതാരാമൻ ബജറ്റ് അവതരണത്തിനായി പാർലമെൻറിലെത്തിയത്. രാഷ്ട്രപതി നൽകിയ മധുരവും ധനമന്ത്രി സ്വീകരിച്ചു. തുടർന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ ചേർന്ന മന്ത്രിസഭായോഗം കേന്ദ്ര ബജറ്റിന് അംഗീകാരം നൽകി. ദേശീയ ചിഹ്നം പതിച്ച, ചുവപ്പ് ബഹി ഖാട്ട ടാബ്ലറ്റുമായാണ് ധനമന്ത്രി ബജറ്റ് അവതരണത്തിന് എത്തിയത്. മൂന്നാം നരേന്ദ്രമോദി സർക്കാരിന്റെ ആദ്യ സമ്പൂർണ്ണ ബജറ്റും, ധനമന്ത്രിയെന്ന നിലയിൽ തന്റെ എട്ടാമത്തെ ബജറ്റുമാണ് ശ്രീമതി സീതാരാമൻ ഇന്ന് പാർലമെന്റിൽ അവതരിപ്പിച്ചത്.

==============================================================

## GOLD + SENSEX

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 485 പോയിന്റ് ഉയർന്ന് 77,245 ലും നിഫ്റ്റി 168 പോയിന്റ് ഉയർന്ന് 23,420 ലും വ്യാപാരം പുരോഗമിക്കുന്നു. സ്വർണ്ണവില സർവകാല റെക്കോഡിൽ. പവന് ഇന്ന് 120 രൂപ കൂടി 61,960 രൂപയും ഗ്രാമിന് 15 രൂപ വർദ്ധിച്ച് 7,745 രൂപയുമാണ് ഇന്നത്തെ വില.

=========================

=================================================

==============================================================